# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1411/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 04/11/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്,കണ്ണൂർ(ഇ-മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1411/2025 തീയ്യതി: 04/11/2025

## കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2024 മുതൽ 10-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.പി. ഷോബി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 19-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2025 | 19-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ലീലാകൃഷ്ണൻ എൻ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ദേവാനന്ദ് ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ജിഷ.കെ.സി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. സീമ കുഞ്ചൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രസ്ന.കെ.പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 29-08-2024 |
| ശ്രീ.ആദർശ്.കെ.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ(അഡീഷണൽ ചാർജ്) | 30-08-2024 | 06-01-2025 |
| ശ്രീ.ബിജു.വി.ബാലൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 07-01-2025 | 31-03-2025 |
| ശ്രീ.ലിനീഷ്.ടി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ദിവ്യ.സി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2024 | 05-07-2024 |
| ശ്രീമതി.രജനി.എം | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽചാർജ്) | 06-07-2024 | 27-07-2024 |
| ശ്രീമതി.ഗീത.കെ | ശിശു വികസന പദ്ധതി ഓഫീസർ | 28-07-2024 | 31-03-2025 |
| ശ്രീ.ബിജു.പി | സൂപ്രണ്ട്,ഗവ.വൃദ്ധമന്ദിരം | 01-04-2024 | 31-05-2024 |
| ശ്രീ.നാസർ.പി.കെ | സൂപ്രണ്ട്,ഗവ.വൃദ്ധമന്ദിരം | 01-06-2024 | 09-10-2024 |
| ശ്രീമതി.രാധിക.പി.ആർ | സൂപ്രണ്ട്,ഗവ.വൃദ്ധമന്ദിരം | 10-10-2024 | 31-03-2025 |
| ശ്രീ.സുനിൽ കുമാർ.എം.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 03-01-2025 |
| ശ്രീ.പ്രീത്ത്.എം.പി | പട്ടികജാതി വികസന ഓഫീസർ | 04-01-2025 | 11-02-2025 |
| ശ്രീമതി.ആർദ്ര വിജയകൃഷ്ണൻ | പട്ടികജാതി വികസന ഓഫീസർ | 12-02-2025 | 31-03-2025 |
| ശ്രീമതി.ബോബി.ആർ.എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.നവ്യ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.രാജീവൻ ഉറുമി വളപ്പിൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ.മിനി ശ്രീധരൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,അഴീക്കോട് | 01-04-2024 | 31-03-2025 |
| ഡോ.അനീഷ് ബാബു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,പാപ്പിനിശ്ശേരി | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാധ്യത തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല | 1-1-1 |
| 3 | തെറ്റായ ശീർഷകത്തിൽ ആസ്തി ഉൾപ്പെടുത്തി | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിക്കുന്നു. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-7 |
| 17 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുമുള്ള വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-8 |
| 18 | അഴീക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചില്ല . ₹5,52,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-9 |
| 19 | ഐ.ടി.ഉപകരണങ്ങളുടെ വാങ്ങൽ - പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല. ₹93,600യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-10 |
| 20 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ– ലൈസൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-11 |
| 21 | വാട്ടർ കിയോസ്ക് സ്ഥാപിക്കൽ– കരാർ പ്രകാരമുള്ള ഉപകരണം വിതരണം ചെയ്തില്ല. ₹15,47,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-12 |
| 22 | ക്വട്ടേഷൻ തുകയേക്കാൾ അധികം തുക നൽകി പ്രിന്റർ വാങ്ങി.₹ 500യുടെ ചെലവ് നിരാകരിക്കുന്നു, ₹20000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 23 | പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - മറുപടിയും രേഖകളും ലഭ്യമാക്കിയില്ല.₹ 3,30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 24 | ബയോമെഡിക്കൽ മാലിന്യ സംസ്കരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. ₹5,528 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 25 | എൻ സി ഡി മരുന്നുകൾ വാങ്ങൽ - കൈപ്പറ്റ് രശീത് ലഭ്യമാക്കിയില്ല .₹1,84,303 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 26 | പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല . ₹2,87,287യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 27 | ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ– വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 28 | വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹2,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 29 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-20 |
| | ഭാഗം 2 | |
| | --- No Records Found --- | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ്പ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ,വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) / 08-07-2025നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 11-07-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
04.11.2025.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 ബാധ്യത തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല

B-9 ഷെഡ്യൂളിൽ വിവിധ ശീർഷകങ്ങളിൽ ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല. CGST, SGST ഇനങ്ങളിൽ ഒടുക്കാൻ ബാക്കിയുള്ളതായി ഉൾപ്പെടുത്തിയിട്ടുള്ള തുക ബന്ധപ്പെട്ട ബാങ്ക് പാസ്ബുക്ക്, സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള GST Account Register എന്നിവയിലേതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-1-2 തെറ്റായ ശീർഷകത്തിൽ ആസ്തി ഉൾപ്പെടുത്തി

കുടിവെള്ള പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തുന്നതിന് സാംഖ്യയിൽ ശീർഷകം ലഭ്യമല്ലാത്തതിനാൽ Waterways എന്ന ശീർഷകത്തിലാണ് വിവരം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

B-11 ഷെഡ്യൂൾ പ്രകാരം ആസ്തിയായി ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് കാലികമാക്കിയ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-4 അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

B-18 ഷെഡ്യൂളിൽ 460100103 നമ്പർ ശീർഷകത്തിൽ വിവിധ ഇനങ്ങളിലായി അനുവദിച്ച അഡ്വാൻസ് തുകകളിൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുള്ളവ ക്രമീകരിച്ച് കാലികമാക്കിയിട്ടില്ല.

### 1-1-5 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

I-18 ഷെഡ്യൂളുകളിലെ പ്രയർ പിരിയഡ് ഇൻകം, പ്രയർ പിരിയഡ് എക്സ്പെൻഡിച്ചർ എന്നിവയിൽ കാണിച്ചിട്ടുള്ള തുകകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

### 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹46,81,702യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹68,27,272 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-8 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

1)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ട പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F) , മുൻവർഷത്തെ താരതമ്യ തുകകൾ (ചട്ടം 62(3) ) എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2)തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിക്കുന്നു.

ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാളും അധികമാണ്. ഉദാ: Roads & Bridges എന്ന ഇനത്തിന് ആസ്തിയെക്കാളും കൂടുതലാണ് ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-2 ബജറ്റ്

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25വർഷത്തെ ബജറ്റ് ഭരണ സമിതി തീരുമാനം 2(1)/08.02.2024 പ്രകാരം അംഗീകരിച്ചു.

| ഇനം | തുക(₹) |
|---|---|
| മുന്നിരിപ്പ് | 2799487 |
| വരവ് | 374677200 |
| ആകെ | 377476687 |
| ചെലവ് | 376026010 |

| | |
|---|---|
| നീക്കിയിരിപ്പ് | 1450677 |

പുതുക്കിയ ബജറ്റ് ഭരണ സമിതിയുടെ25.3.2025ലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | തുക(₹) |
|---|---|
| മുന്നിരിപ്പ് | 1477932 |
| വരവ് | 335667223 |
| ആകെ | 337145155 |
| ചെലവ് | 336737290 |
| നീക്കിയിരിപ്പ് | 407865 |

## 1-3 സാമ്പത്തിക വിശകലനം

| വർഷം | 2024-25 |
|---|---|
| മുന്നിരിപ്പ്(₹) | 12288803 |
| വരവ്(₹) | 77313971 |
| ആകെ(₹) | 89602774 |
| ചെലവ്(₹) | 72632269 |
| നീക്കിയിരിപ്പ്(₹) | 16970505 |
| വരവിനങ്ങളിലെ നഷ്ടം(₹) | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം(₹) | 500 |
| തടസ്സപ്പെടുത്തിയ തുക(₹) | 3220318 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 21224000 | 21224000 | 19687158 | 1536842 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 6545000 | 6545000 | 4536367 | 2008633 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 20629000 | 20629000 | 13715003 | 6913997 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 3148698 | *3857841 (281485രൂപ പലിശ ഉൾപ്പടെ)* | *7006539* | 3796957+3505**= 3800462 | 3206077 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 2882780 | 7897000+3505**= *7900505* | *10783285* | *4814244* | 5969041 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ(Performance Grant) | 0 | *244256* | *244256* | *244256* | 0 |
| സാക്ഷരത | 48570 | 1323 | 49893 | 0 | 49893 |
| ടി എസ് സി | 621198 | 16907 | 638105 | 0 | 638105 |
| ഐ സി ഡി എസ് | 460429 | 0 | 460429 | 0 | 460429 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 35931 | 0 | 35931 | 0 | 35931 |
| മറ്റു പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 3000+39617 | 0 | 42617 | 0 | 42617 |
| എസ് ജി എസ് വൈ | 37530 | 0 | 37530 | 0 | 37530 |
| ഐ എ വൈ-ജനറൽ | 299451 | 8540 | 307991 | 0 | 307991 |
| കുടിവെള്ള പദ്ധതി | 113575 | 0 | 113575 | 0 | 113575 |
| ഹെൽത്ത് ഗ്രാന്റ് പലിശസഹിതം | 675517* | 2916431 | 3591948 | 578009 | 3013939 |

**2022-23 വർഷം ടൈഡ് ഗ്രാന്റിൽ നിന്നും ചെലവ് വരേണ്ട തുക തെറ്റായി ബേസിക് ഗ്രാന്റിൽ നിന്നും ചെലവഴിച്ചതിനാൽ തുക ക്രമീകരിച്ചത് .

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 124 | 8,54,28,729 | 101 | 5,14,74,172 | 11 | 90 | 23 | 72.58 |

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 29 | 22 | 2,33,99,265 | 1,32,38,199 | 56.58 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | 2 | 5,12,000 | 3,89,936 | 76.16 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 42 | 31 | 3,59,98,080 | 1,98,05,784 | 55.02 |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 8 | 8 | 24,63,212 | 14,49,727 | 58.86 |
| 5 | പട്ടികജാതി വികസന ഓഫീസർ | 7 | 7 | 30,04,500 | 19,37,272 | 64.48 |

| | | | | | | |
|---|---|---|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ CHC | 19 | 16 | 80,15,296 | 61,15,264 | 76.29 |
| 7 | സി.ഡി.പി.ഒ | 6 | 6 | 36,74,535 | 35,39,730 | 96.33 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 15,20,716 | 13,66,852 | 89.88 |
| 9 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 30,00,000 | 8,42,893 | 28.1 |
| 10 | സൂപ്രണ്ട് ഓൾഡ് ഏജ് ഹോം | 6 | 4 | 38,41,125 | 27,88,515 | 72.6 |
| | ആകെ | 124 | 101 | 8,54,28,729 | 5,14,74,172 | 60.25 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2025-ന് 11.25 A.M-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1811-യുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷത്തിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. പ്രൊക്യുർമെന്റ് കമ്മിറ്റി 2023-24ൽ 1 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് മിനുട്സ് രജിസ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. വാങ്ങലുകൾ സംബന്ധിച്ച് സ്ഥാപനങ്ങളെയോ ക്വട്ടേഷൻ/ടെണ്ടർ തുകയോ പർച്ചേസ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച് വരുന്നില്ല. കൂടാതെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പദ്ധതി നിർവഹണം സംബന്ധിച്ച മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. എന്നാൽ സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ അഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെന്ന് വിലയിരുത്തുന്നു.

## 1-8 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുമുള്ള വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ എസ്റ്റേറ്റ്/മറ്റു കെട്ടിടങ്ങളുടെ 2024-25 വർഷത്തെ വാടകയുമായി ബന്ധപ്പെട്ട ഡിസിബി രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് താഴെക്കൊടുത്തിരിക്കുന്ന വാടകക്കാർ മുൻവർഷത്തെ ഉൾപ്പെടെയുള്ള വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടക കുടിശ്ശിക വരുത്തിയവരുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | കെട്ടിടം സ്ഥിതി | കെട്ടിട നമ്പർ | പ്രതിമാസ വാടക (18% | വാടക കുടിശ്ശികയായ | വാടക കുടിശ്ശിക |
|---|---|---|---|---|---|---|

| | | ചെയ്യുന്ന സ്ഥലം | | ജിഎസ്ടി ഉൾപ്പെടെ) | കാലയളവ് | (18% ജിഎസ്ടി ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | അജിത കെ പി | മിനി വ്യവസായ എസ്റ്റേറ്റ്, അഴീക്കോട് | 21/545 | 3475+626=4101 | 03/2025 | 4101 |
| 2 | അജിത കെ പി | മിനി വ്യവസായ എസ്റ്റേറ്റ്, അഴീക്കോട് | 21/542 | 2214+400=2614 | 03/2025 | 2614 |
| 3 | അജിത കെ പി | മിനി വ്യവസായ എസ്റ്റേറ്റ്, അഴീക്കോട് | 21/543 | 2625+474=3099 | 03/2025 | 3099 |
| 4 | ജയശ്രീ സുനിൽ | മിനി വ്യവസായ എസ്റ്റേറ്റ്, അഴീക്കോട് | 21/544 | 2338+422=2760 | 03/2025 | 2760 |
| 5 | കൃപ രജീഷ് | മിനി വ്യവസായ എസ്റ്റേറ്റ്, അഴീക്കോട് | 21/545 | 2338+422=2760 | 03/2025 | 2760 |
| 6 | ശാലിനി അനിരുദ്ധൻ | മിനി വ്യവസായ എസ്റ്റേറ്റ്, അഴീക്കോട് | 21/546 | 2120+382=2502 | 02/2023-03/2023 | 5004 |
| | | | 21/546 | 2227+401=2628 | 04/2023-03/2024 | 31536 |
| | | | 21/546 | 2338+422=2760 | 04/2024-03/2025 | 33120 |
| 7 | ന്യൂട്രിമിക്സ്, കാഞ്ഞിരത്താൻ വയൽ | കണ്ണൂർ കോർപ്പറേഷൻ ഏരിയ | 2/197 | 6090+1096=7186 | 08/2024-03/2025 | 57488 |
| 8 | രേഖ വി, പൂജ സ്റ്റോർ | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം | 3/390 B | 1522+274=1796 | 09/2024-03/2025 | 12572 |
| | | | **ആകെ** | | | **1,55,054** |

2. 24.09.2021 തീയതി ചേർന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സാധാരണ യോഗത്തിലെ 6(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ എസ്റ്റേറ്റ്/മറ്റു കെട്ടിടങ്ങൾക്കുള്ള വാടക നിശ്ചയിക്കൽ നിയമാവലി (ബൈലോ) ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതിയിലെ തീരുമാനം 1 പ്രകാരം മുറി അനുവദിക്കപ്പെട്ടവരിൽ നിന്നും ഒരോ വർഷവും കരാർ പുതുക്കുമ്പോൾ 5% മുതൽ 15% വരെ വാടക വർദ്ധന എന്നതിന് പകരം പ്രതിവർഷം 5% വാടക വർദ്ധന (പത്ത് രൂപയ്ക്ക് റൗണ്ട് ചെയ്ത്) കൂടി ഈടാക്കേണ്ടതാണ്. എന്നാൽ,

2എ. അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റിലെ കെട്ടിട നമ്പർ 21/535 പ്രകാരമുള്ള മുറി വാടകയ്ക്ക് എടുത്ത (പ്രതിമാസ വാടക - 17,000/- രൂപ) നസീർ കെ എന്നയാളുടെ വാടക 2024 ഒക്ടോബർ മാസം പുതുക്കേണ്ടതാണ്. ആയത് പുതുക്കിയിട്ടില്ല.

2ബി. മിനി വ്യവസായ എസ്റ്റേറ്റ്, അഴീക്കോടിലെ കെട്ടിട നമ്പർ 21/544 E പ്രകാരമുള്ള മുറി വാടകയ്ക്ക എടുത്ത RRF അഴീക്കോട് (നിർമ്മൽ ഭാരത് ട്രസ്റ്റ്)എന്ന സ്ഥാപനത്തിൽ നിന്നും 2024-25 വർഷം ഈടാക്കിയ വാടക പ്രതിമാസം 18,330/- രൂപയാണ് (ജിഎസ്ടി ഉൾപ്പെടാതെ). 2023-24 വർഷം പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കിയ വാടക പ്രതിമാസം 17,600/- രൂപയായിരുന്നു. ആയത് പ്രകാരം 2024-25 വർഷം പുതുക്കിയ വാടകയായി ഈടാക്കേണ്ടത് 18,480/- രൂപയാണ്. എന്നാൽ ഈടാക്കുന്നത് 18,330/- രൂപയാണ്.

ഇത് സംബന്ധിച്ച് നൽകിയ 19.08.2025 തീയതിയിലെ 23-ാം എൻക്വയറിയിലെ ക്രമ നമ്പർ 1-ന് മറുപടിയായി വാടക കുടിശ്ശികയായ 1,55,054 രൂപ ഈടാക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമെന്നും ക്രമ നമ്പർ 2എ-ക്ക് മറുപടിയായി നസീർ കെ എന്ന വാടകക്കാരനിൽ നിന്നും 2024 ഒക്ടോബർ മുതൽ 5% വാടക വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കുന്നതാണെന്നും ക്രമ നമ്പർ 2ബി-ക്ക് മറുപടിയായി 2024-25 വർഷം പ്രതിമാസം വാടകയിൽ കുറവ് വന്ന 150 രൂപ കുടിശ്ശികയായി ഈടാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ആയ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-9 അഴീക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചില്ല . ₹5,52,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അഴീക്കോട് |
| പ്രൊജക്ട് നമ്പർ, പേര് | S0001/25-ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ |
| അടങ്കൽ | ₹21,00,000-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹20,99,948 |
| തുക/ബിൽ നമ്പർ/തീയതി | ₹19073/71/27.07.2024<br>₹67760/176/05.12.2024<br>₹194240/251/28.01.2025<br>₹771489/364/22.03.2025<br>₹552600/344/20.03.2025<br>₹494786/332/14.03.2025<br>ആകെ - ₹2099948 |

പാവപ്പെട്ട രോഗികൾക്ക് ജീവിതശൈലി രോഗത്തിനുള്ള മരുന്നുകളും ജനറൽ മരുന്നുകളും നൽകുന്നതിന് വേണ്ടി അഴീക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 19 ഇനം മരുന്നുകൾ വിതരണം ചെയ്യുന്നതിനായി 10-10-2024 തീയതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ: PRF1502 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ബിൽനമ്പർ 344/20.03.2025 പ്രകാരം 5,52,600/- രൂപ മുൻകൂർ ആയി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ KMSCL-ൽ നിന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ 16-08-2025 തീയതിയിലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫോൺ മുഖാന്തിരം അന്വേഷിച്ചപ്പോൾ ടി മരുന്നുകളുടെ ലിസ്റ്റ് തിരുവനന്തപുരം ഡിപ്പോക്ക് നൽകിയിട്ടുണ്ടെന്നും മരുന്നുകൾ ഉടൻ വിതരണം ചെയ്യുമെന്നാണ് അറിയാൻ കഴിഞ്ഞതെന്നും മരുന്നുകൾ എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാകാത്തതിനാൽ 5,52,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-10 ഐ.ടി.ഉപകരണങ്ങളുടെ വാങ്ങൽ - പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല. ₹93,600യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അഴീക്കോട് |
| പ്രൊജക്ട് നമ്പർ, പേര് | S0007/25-അഴീക്കോട് സി എച്ച് സി യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | ₹1,00,000-മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് | ₹93,600 |
| തുക/ബിൽ നമ്പർ/തീയതി | ₹14,300/96/17-08-2024<br>₹14,300/349/21-03-2025<br>₹65,000/365/22-03-2025 |

അഴീക്കോട് സി എച്ച് സി യിലേക്ക് കെൽട്രോണിൽ നിന്നും CPRCSസംവിധാനം വഴി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്ത അപാകങ്ങളുണ്ട്.

1. കെൽട്രോണിൽ നിന്നും CPRCS വഴി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും ക്വട്ടേഷൻ ക്ഷണിച്ചാണ് 2 കമ്പ്യൂട്ടറുകൾ (ലാപ്ടോപ്പുകൾ) 65,000 രൂപ ചെലവഴിച്ച് വാങ്ങിയത്(Computer Club എന്ന സ്ഥാപനത്തിൽ നിന്നും). കൂടാതെ 08.11.2010 തീയതിയിലെ സ.ഉ.(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2 പ്രകാരം മതിപ്പുവില 50,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ നടത്തേണ്ടത് ലിമിറ്റഡ് ടെണ്ടർ മുഖേനയാണ്.

2. കെൽട്രോണിൽ നിന്നും CPRCS വഴി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും Emend Innovations എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്റർ ഒന്നിന് 14,300 രൂപ ചെലവഴിച്ച് രണ്ട് തവണയായി രണ്ട് പ്രിന്ററുകൾ നേരിട്ടാണ് വാങ്ങിയത്. കൂടാതെ 08.11.2010 തീയതിയിലെ സ.ഉ.(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2 പ്രകാരം മതിപ്പുവില 5,000 രൂപയ്ക്കും 50,000 രൂപയ്ക്കും ഇടയിലുള്ള വാങ്ങലുകൾ നടത്തേണ്ടത് ക്വട്ടേഷൻ മുഖേനയാണ്.

3. 18.03.2019 തീയതിയിലെ ഐ.റ്റി.സെൽ-1/26/2019/വി.സ.വ സർക്കാർ ഉത്തരവ് പ്രകാരമുള്ള സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ മുതലായ ഐ.റ്റി.സാമഗ്രികൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 1 പ്രകാരം Www.Cprcs.Kerala.Gov.In എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിന് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനമല്ലാതെ വ്യത്യസ്തമായ ടെണ്ടറുകളോ, TSP/സ്വകാര്യ ഏജൻസികൾ മുഖാന്തിരമുള്ള നേരിട്ടുള്ള പർച്ചെയ്സോ അനുവദിക്കുന്നതല്ലായെന്ന് നിഷ്കർച്ചിട്ടുണ്ട്. കൂടാതെ 23.10.2021 തീയതിയിലെ സ.ഉ.(സാധാ) നം.2076/2021/തസ്വഭവ യിലെ ഖണ്ഡിക 4 പ്രകാരം CPRCS പോർട്ടൽ മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങുന്നതിനും അതുപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം CPRCS പോർട്ടൽ, GEM പോർട്ടൽ എന്നിവയിൽ നിന്നും വാങ്ങാതെയാണ് മറ്റ് രീതിയിലുള്ള വാങ്ങലുകൾ അവലംബിച്ചത്.

4. ലാപ്ടോപ്പുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങിയതുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ 18-08-2025 തീയതിയിലെ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിൽ സ്ഥാപനത്തിൽ GEM Portal ക്രിയേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ലായെന്നും CPRCS വഴി വാങ്ങാതിരുന്നത് കമ്പ്യൂട്ടറും പ്രിന്ററും ലഭിക്കുന്നതിനുള്ള താമസം മൂലമാണെന്നും ഫീൽഡ് വിഭാഗം ജീവനക്കാർക്കാണ് ഒരു പ്രിന്റർ വാങ്ങിയതെന്നും ടി വിഭാഗത്തിന് ദിവസേന റിപ്പോർട്ടുകൾ എല്ലാം മുകൾത്തട്ടിലേക്ക് അയക്കുന്നതിന് വിവിധതരം ഫോമുകൾ പ്രിന്റ് എടുക്കേണ്ടതുണ്ടെന്നും ആയതിനാലാണ് വളരെ അടിയന്തിരമായി പ്രിന്റർ വാങ്ങിയതെന്നും കൂടാതെ ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം സ്ഥാപന ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം എത്രയും വേഗം നടപ്പിലാക്കണമെന്നുള്ളത് കൊണ്ടുമാണ് അടിയന്തിരമായി ലാപ്ടോപ്പുകളും പ്രിന്ററും വാങ്ങിയതെന്നും മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് ഐ.ടി. ഉപകരണങ്ങളുടെ വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഐ.ടി.ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കാത്തതിനാൽ 93,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-11 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ- ലൈസൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പദ്ധതി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 133/ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ നൽകൽ |
| അടങ്കൽ | ₹3,79,200 (വികസന ഫണ്ട്, പൊതുവിഭാഗം)<br>₹1,45,800 (തനത് ഫണ്ട്) |
| ചെലവ് | ₹3,79,200 ബിൽ നമ്പർ: 354/21-03-25<br>₹1,45,800 ബിൽ നമ്പർ: 355/21-03-25 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഭിന്നശേഷിയുള്ള 5 പേർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകുന്നതിനായി ACE MOTORS PVT LTD എന്ന സ്ഥാപനത്തിൽ നിന്ന് സൈഡ് വീൽ സ്കൂട്ടർ വാങ്ങിയിട്ടുണ്ട്. പതിനാലാം പദ്ധതി

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.2(6) പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് കരസ്ഥമാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്കൂട്ടർ കൈപ്പറ്റിയ കെ എം മനോഹരൻ എന്ന ഗുണഭോക്താവ് ഇതേവരെ ലൈസൻസ് കരസ്ഥമാക്കിയിട്ടില്ല, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/16-08-25 നുള്ള മറുപടിയിൽ ഗുണഭോക്താവ് ലേണേഴ്സ് ലൈസൻസ് ലഭിക്കുന്നതിന് ശ്രമിച്ചു കൊണ്ടിരിക്കുകയാണെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 വാട്ടർ കിയോസ്ക് സ്ഥാപിക്കൽ- കരാർ പ്രകാരമുള്ള ഉപകരണം വിതരണം ചെയ്തില്ല. ₹15,47,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ/ പേര് | 141/25, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൊതു ഇടങ്ങളിൽ വാട്ടർ കിയോസ്ക് സ്ഥാപിക്കൽ |
| അടങ്കൽ | ₹15,47,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ടൈഡ്)<br>₹5300 തനത് ഫണ്ട് |
| ചെലവ് തുക/ ബിൽ നം/ തീയതി | ₹15,47,000/396/29.03.2025 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്) |

പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം സൗജന്യമായി വിതരണം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അഴീക്കോട് സി എച്ച് സി ക്ക് സമീപം , ചിറക്കൽ പി എച്ച് സി ക്ക് സമീപം, വളപട്ടണം പി എച്ച് സി ക്ക് സമീപം എന്നിവിടങ്ങളിൽ ജെം മുഖാന്തിരം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇൻവോയിസ് നം IT/24-25L976/14-03-25 പ്രകാരം IT PROFESSIONALS CO OPERATIVE SOCEITY, T1959(ITPCOS) ,PATTOM TVPM എന്ന സ്ഥാപനത്തിൽ നിന്നും RO EQUIPMENT USING TFC MEMBRANE 250 LPH എന്ന 1 വർഷം വാറന്റിയുള്ള വാട്ടർ കിയോസ്കുകൾ ജെം മുഖാന്തിരം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. വാട്ടർ കിയോസ്കുകൾ മൂന്നിടങ്ങളിലും സ്ഥാപിച്ചിട്ടുണ്ടെന്ന ITPCOS ൽ നിന്നുള്ള Installation Certificate ന്റെ അടിസ്ഥാനത്തിൽ ₹15,47,000 നൽകിയിട്ടുമുണ്ട്. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ജെം മുഖാന്തിരം കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള Contract No. GEMC-511687722169512/20-01-25 പ്രകാരവും അതേ നമ്പറിലുള്ള Sanction Order പ്രകാരവും സപ്ലൈ ചെയ്യേണ്ടിയിരുന്നത് യൂനിറ്റ് വില ₹5,32,500 ഉള്ള Aquaguard RO EQUIPMENT USING TFC MEMBRANE 1000 LPH മോഡലിലുള്ള ഉപകരണമാണ്. എന്നാൽ ടാക്സ് ഇൻവോയിസ് നം IT/24-25L976/14-03-25 പ്രകാരം IT PROFESSIONALS CO OPERATIVE SOCEITY T1959(ITPCOS, PATTOM TVPM എന്ന സ്ഥാപനം വിതരണം ചെയ്തിട്ടുള്ളത് RO EQUIPMENT USING TFC MEMBRANE 250 LPH എന്ന 1 വർഷം വാറന്റിയുള്ള ഉപകരണമാണ്. ITPCOS ഇൻവോയിസിൽ 1000LPH മോഡലിന് സാങ്ഷൻ ഓർഡർ പ്രകാരമുള്ള വിലയായ 15,97,500 രൂപ ആവശ്യപ്പെടുകയും ₹15,47,000 സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

vsi- 27068/- 14 dl-1821836/2 (4)

# IT PROFESSIONALS CO OPERATIVE SOCIETY-T1959(ITP COS)

TC 12/447-3, UTHRADAM,
PLAMOODU, PATTOM PO,
TRIVANDRUM, PIN-695004
PH:0471-2303999
GSTIN/UIN: 32AABAI2694A1Z6
State Name : Kerala, Code : 32
PAN No. : AABAI2694A

17/03/25

**Invoice No. : IT/24-25L976** **Tax Invoice** **Date : 14-3-2025**

IRN : 4e11bdceda3f01c4cab070792f47048f239aaf4c3ea497671ff786b9b1867b7e
Ack No. : 152521040526012
Ack Date : 14-Mar-25

**Buyer (Bill To) :**
THE SECRETARY
KANNUR BLOCK PANCHAYAT
PALLIKKUNNU P.O
KANNUR - 670004
PH: 82810 40642 , 94974 46991
GSTIN : 32CHNB00736B1DE
State : Kerala / State Code : 32

**Consignee (Ship To) :**
THE SECRETARY
KANNUR BLOCK PANCHAYAT
PALLIKKUNNU P.O
KANNUR - 670004
PH: 82810 40642 , 94974 46991
GSTIN : 32CHNB00736B1DE
State : Kerala / Code : 32

**Order & Despatch Details:**
Order No.& Date: GEMC-511687722169512 & 20-Jan-25

| Sl. No | Description of Goods | HSN/SAC | GST % | Qty | Rate | Amount | CGST | SGST | Total Amount |
|---|---|---|---|---|---|---|---|---|---|
| 1 | RO EQUIPMENT USING TFC MEMBRANES 250LPH<br>*1 YEAR WARRANTY* | 84212190 | 18 | 3.000 Nos. | 4,51,271.19 | 13,53,813.57 | 1,21,843.22 | 1,21,843.22 | 15,97,500.01 |
| | ROUND OFF | | | | | | | | (-)0.01 |
| | **Total** | | | 3.000 Nos. | | 13,53,813.57 | 1,21,843.22 | 1,21,843.22 | 15,97,500.00 |

Passed for payment Rs. 15,47,000/- (Fifteen lakh Fourty seven thousand Rupees only)
Secretary / BDO Kannur Block Panchayat

**Amount in Words : INR Fifteen Lakh Ninety Seven Thousand Five Hundred Only**
E. & O.E

**GRAND TOTAL : ₹ 15,97,500.00**

**Company's Bank Details**
A/c Holder's Name: IT PROFESSIONALS CO OPERATIVE SOCIETY-T1959(ITPCOS)
Bank Name : STATE BANK OF INDIA (SBI) A/C 39348170026
A/c No. : 39348170026
Branch & IFS Code: COTTON HILL & SBIN0017756

**For IT PROFESSIONALS CO OPERATIVE SOCIETY-T1959(ITPCOS)**

Authorized Signatory

This is a Computer Generated Invoice

GeM | Azadi Ka Amrit Mahotsav

## Sanction Order

**Sanction No:** 511687722169
**Sanction Date:** 20-Jan-2025

...ction of the competent authority is hereby conveyed for incurring an expenditure of amount as under towards the cost of Purchase order/Contract placed on the Selle... Supply of Goods/Services as per the contract for making payment to the Seller subject to deduction of TDS as applicable

| Organisation Details | | Buyer Details | |
|---|---|---|---|
| Type: | State Local Bodies | Name: | Vivek K P |
| Ministry: | | Designation: | CLERK |
| Department: | Local Self Government Department Kerala | Email ID: | vivek.879794@kerala.gov.in |
| Organisation Name: | KANNUR BLOCK PANCHAYATH | GSTIN: | |
| Office Name: | PALLIKKUNNU | Address: | KANNUR BLOCK PANCHAYATH PALLIKKUNNU KANNUR<br>Kannur<br>KERALA - 670004 |

### Financial Approval Detail

| | |
|---|---|
| Designation of official providing Administration approval: | SECRETARY |
| IFD Concurrence / Competent Authority (HOD / Head of Office) Approval Required? | NO |
| Budget availability | YES |
| Designation of official providing Financial approval: | SECRETARY |
| Designation Function/Budget Head of Account: | NA |
| IFD/Competent Authority Diary No: | NA |
| IFD/Competent Authority Diary Date: | NA |
| Financial Year: | NA |
| DDO: | NA |
| PD Code: | NA |
| Grant No: | NA |

### Seller Details

| | |
|---|---|
| Company Name: | IT PROFESSIONALS CO OPERATIVE SOCIETY |
| Email ID: | itpcos.gem@gmail.com |
| Address: | IT PROFESSIONALS CO OPERATIVE SOCIETY<br>Thiruvananthapuram<br>KERALA - 695004 |

### Product Details

| # | Item Description | Model | Ordered Quantity | Unit | Price per Unit inclusive of all Duties and Taxes (in INR) | Total Price (Inclusive of al Duties and Taxes (in INR)) |
|---|---|---|---|---|---|---|
| 1 | Aquaguard Reverse Osmosis (RO) + Ultraviolet (UV) >750<=1000 LPH Filtration Capacity | RO EQUIPMENT USING TFC MEMBRANE 1000 LPH | 3 | pieces | 532500.0 | 1597500.0 |
| Total Order Value (in INR) | | | | | | 1597500.0 |

### Consignee Details

| S.No | Consignee | Item | Lot No. | Quantity | Delivery Start After | Delivery To Be Completed By |
|---|---|---|---|---|---|---|
| 1 | Vivek K P<br>vivek.879794@kerala.gov.in<br>KANNUR BLOCK PANCHAYATH PALLIKKUNNU KANNUR<br>Kannur<br>KERALA - 670004 | Aquaguard Reverse Osmosis (RO) + Ultraviolet (UV) >750<=1000 LPH Filtration Capacity | - | 3 | 20-Jan-2025 | 04-Feb-2025 |

### Terms & Conditions

- 1. This issues under the power delegated to Ministries/Department of the Government of India/organization/state vide Annexure to schedule V of the Delegation of Financial Power Rules, 1978 as amended from time to time or as per applicable delegation of financial power rules as approved and amended time to time by the competent authority of the buyer organization.

Note: This is system generated file. No signature is required. Print out of this document is not valid for payment/ transaction purpose.




19-08-25 ന് സെക്രട്ടറിയുടെയും പ്ലാൻ ക്ലാർക്കിന്റെയും സാന്നിധ്യത്തിൽ അഴീക്കോട് സി എച്ച് സി യിൽ നടത്തിയ സ്ഥല പരിശോധനയിൽ അക്വാഗാർഡ് മോഡൽ നം 250LPH , Plant Serial No.RO-BG-1024 Month&Year Of Mfg December-2024 എന്ന ഉപകരണമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സാങ്ഷൻ ഓർഡർ പ്രകാരമുള്ള 1000LPH മോഡലിന് പകരം 250LPH മോഡലിലുള്ള കിയോസ്കുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (25/19-08-25) മറുപടിയിൽ മോഡലിൽ വ്യത്യാസം വരാനിടയായതിന്റെ കാരണം സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

Aquaguard RO EQUIPMENT USING TFC MEMBRANE 1000 LPH ന് കരാർ വെക്കുകയും ആയതിൽ നിന്നും വ്യത്യസ്ഥമായി RO EQUIPMENT USING TFC MEMBRANE 250 LPH മോഡലിലുള്ള ഉപകരണം വിതരണം ചെയ്തതിന് കരാർ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തതിനാൽ സ്ഥാപനത്തിന് അധികം തുക നൽകാൻ ഇടയായിട്ടുണ്ട്. കരാർ പ്രകാരം വിതരണം ചെയ്യേണ്ടതിൽ നിന്നും വ്യത്യസ്തമായ കപ്പാസിറ്റി കുറഞ്ഞ വാട്ടർ കിയോസ്ക് സ്ഥാപിച്ചതിനാൽ ചെലവ് തുകയായ ₹15,47,000 തടസ്സപ്പെടുത്തുന്നു. കരാർ പ്രകാരമുള്ള കിയോസ്കുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. വിതരണം ചെയ്ത 250 LPH കപ്പാസിറ്റിയുള്ള വാട്ടർ കിയോസ്കിനുള്ള വിലയെ അടിസ്ഥാനമാക്കി അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-13 ക്വട്ടേഷൻ തുകയേക്കാൾ അധികം തുക നൽകി പ്രിന്റർ വാങ്ങി.₹ 500യുടെ ചെലവ് നിരാകരിക്കുന്നു, ₹20000 യുടെ ചെലവ് തടസ്സപെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 120/25-പട്ടികജാതി വികസന ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ |
| അടങ്കൽ | ₹30,000-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം |
| ചെലവ് | ₹28,500 |
| തുക/ബിൽ നമ്പർ/ തീയതി | ₹28,500/192/11-12-2024 |

കണ്ണൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഒരു പ്രിന്റർ കം സ്കാനർ വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 28,500 രൂപ ചെലവഴിച്ച് കമ്പ്യൂനെറ്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്റർ (Make & Model: EPSON M2170) വാങ്ങിയിട്ടുണ്ട്. കണ്ണൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ 25.09.2024 തീയതിയിലെ 120/24 SCKNR നമ്പർ നോട്ടീസ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിന്റെ

അടിസ്ഥാനത്തിൽ പ്രിന്റർ വിതരണം ചെയ്യുന്നതിനായി 28.09.2024 തീയതിയിലെ CNS/MKTG/063/2024-25 നമ്പർ ക്വട്ടേഷൻ പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പ്യൂനെറ്റ് സിസ്റ്റംസ്, തളാപ്പ്, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ 28,000 രൂപയുടെ ക്വട്ടേഷൻ 24.10.2024 തീയതി നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാനം പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത പ്രിന്ററിന്റെ വിലയായി പ്രസ്തുത സ്ഥാപനത്തിന് മേൽ സൂചിത ബിൽ പ്രകാരം (192/11-12-2024) 28,500 രൂപ നൽകിയിട്ടുണ്ട്. കൂടാതെ CPRCS Portal, GEM Portal എന്നിവ മുഖേന വാങ്ങാതെ ക്വട്ടേഷൻ രീതി അവലംബിച്ചാണ് പ്രിന്റർ വാങ്ങിയത്. ഇത് സംബന്ധിച്ച് 13.08.2025 തീയതി നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രിന്റർ കം സ്കാനർ വാങ്ങുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ക്വാട്ട് ചെയ്ത തുകയിൽ കവിഞ്ഞ് തുക കൈമാറിയതും CPRCS Portal, GEM Portal എന്നിവ മുഖേന വാങ്ങാതെ ക്വട്ടേഷൻ രീതി അവലംബിച്ച് പ്രിന്റർ വാങ്ങിയതിനും അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കുന്നതിന് സമയം അനുവദിക്കണമെന്ന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ അധികമായി നൽകിയ 500 രൂപയുടെ ചെലവ് നിരാകരിക്കുകയും 28,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-14 പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - മറുപടിയും രേഖകളും ലഭ്യമാക്കിയില്ല.₹ 3,30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 087/25-പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) |
| അടങ്കൽ | ₹6,60,000-വികസനഫണ്ട്-എസ്‌സിപി |
| ചെലവ് | ₹6,60,000 |
| തുക/ബിൽ നമ്പർ/തീയതി/ | ₹4,80,000/38/05-07-2024<br>₹1,20,000/191/11-12-2024<br>₹30,000/335/14-03-2025<br>₹30,000/382/25-03-2025 |

ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.സായൂജ് കെ പി എന്ന ഗുണഭോക്താവിന് അവസാന ഗഡുവായി (4-ാം ഗഡു) നൽകിയ ധനസഹായ തുകയുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പഠനമുറി നിർമ്മിച്ച അനർവേദ പി, സ്നേഹൽ ഹരീഷ് എസ്, സായൂജ് കെ പി എന്നീ ഗുണഭോക്താക്കൾ പ്രസ്തുത കൂട്ടിച്ചേർക്കലുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

3. 28.05.2022 തീയതിയിലെ സ.ഉ(കൈ) നം.115/2022/തസ്വഭവ പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.13 വ്യവസ്ഥ ചെയ്യുന്നത് 800 ചതുരശ്ര അടിയിലധികമാകാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ് എന്നാണ്. എന്നാൽ സ്നേഹൽ ഹരീഷ് എസ് എന്ന ഗുണഭോക്താവ് നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണം 198.84 ചതുരശ്ര അടിയാണ്.

ഇത് സംബന്ധിച്ച് നൽകിയ 14.08.2025 തീയതിയിലെ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ക്രമ നമ്പർ 1 സായൂജ് കെ പി എന്ന ഗുണഭോക്താവിന്റെ വാല്യുവേഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പകരം ലഭ്യമാക്കിയത് എസ്റ്റിമേറ്റ് റിപ്പോർട്ടാണ്. കൂടാതെ ക്രമ നമ്പർ 2, 3 എന്നിവയ്ക്ക് അന്നത്തെ SCDO യുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കുവാൻ സമയം അനുവദിക്കണമെന്നും നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ അനർവേദ പി, സ്നേഹൽ ഹരീഷ് എസ്, സായൂജ് കെ പി എന്നീ ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷം അനുവദിച്ച 3,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ബയോമെഡിക്കൽ മാലിന്യ സംസ്കരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. ₹5,528 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-അഴീക്കോട് |
| പ്രൊജക്റ്റ് നമ്പർ, പേര് | 2/25, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചാർജ്ജ് |
| അടങ്കൽ | ₹72,000-മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് | ₹70,524 |
| തുക/ബിൽ നമ്പർ/തീയതി | ₹11437/41/06.07.2024<br>₹1525/93/16.08.2024<br>₹5908/138/08.10.2024<br>₹5718/221/26.12.2024<br>₹5908/172/30.11.2024<br>₹5718/149/11.11.2024<br>₹5909/252/28.01.2025<br>₹5528/300/07.03.2025<br>₹5909/299/07.03.2025<br>₹11627/357/21.03.2025<br>₹5327/350/21.03.2025<br>ആകെ – ₹70524 |

ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ശാസ്ത്രീയമായ രീതിയിൽ ചെയ്യുന്ന ഇമേജ് എന്ന സ്ഥാപനം മുഖേന അഴീക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മാലിന്യം നിർമാർജനം ചെയ്യുന്നതിനായുള്ള പ്രോജക്റ്റാണിത്. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 300/07.03.2025 പ്രകാരം സ്ഥാപനത്തിന് അനുവദിച്ച ₹5,528 യുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 18.08.2025 തീയതിയിലെ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 5,528/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 എൻ സി ഡി മരുന്നുകൾ വാങ്ങൽ – കൈപ്പറ്റ് രശീത് ലഭ്യമാക്കിയില്ല .₹1,84,303 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അഴീക്കോട് |
| പ്രൊജക്റ്റ് നമ്പർ, പേര് | 082/25, എൻ സി ഡി മരുന്നുകൾ (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,84,354-മെയിന്റനൻസ് ഫണ്ട് (റോഡിതരം)<br>₹11-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണവിഹിതം<br>ആകെ – ₹184365 |
| ചെലവ് | ₹1,84,303-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| തുക/ബിൽ നമ്പർ/തീയതി | ₹1,84,303/11/16-05-2024 |

പാവപ്പെട്ട രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആശുപത്രിയിലേക്ക് ആവശ്യമായ NCD (Non-Communicable Diseases) മരുന്നുകൾ വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രോജക്റ്റാണിത്. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി നീതി മെഡിക്കൽ സ്റ്റോർ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 1,84,303 രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറാതെ ചിത്രേഷ് കുമാർ സി വി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിരിക്കുന്നത്. ഇത് സംബന്ധിച്ച് 18.08.2025-ന് നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നീതി മെഡിക്കൽ സ്റ്റോർ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നുമുള്ള തുക കൈപ്പറ്റിയതിന്റെ രശീത്

ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹1,84,303 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല . ₹2,87,287യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-പാപ്പിനിശ്ശേരി |
| പ്രൊജക്ട് നമ്പർ, പേര് | S0025/25-മരുന്ന് വാങ്ങൽ സി എച്ച് സി പാപ്പിനിശ്ശേരി |
| അടങ്കൽ | ₹6,00,000-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹6,00,000 |
| തുക/ബിൽ നമ്പർ/തീയതി | ₹6,00,000/81/01-08-2024 |

പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് സർക്കാർ അനുവദിക്കുന്ന മരുന്നുകൾക്ക് പുറമേ മരുന്ന് വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 44 ഇനം മരുന്നുകൾ വിതരണം ചെയ്യുന്നതിനായി 30-07-2024 തീയതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ: PRF777 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മേൽ സൂചിത ബിൽ പ്രകാരം 6,00,000/- രൂപ മുൻകൂർ ആയി അനുവദിച്ചിട്ടുണ്ട്. 3,12,713 രൂപയുടെ മരുന്നുകൾ KMSCL-ൽ നിന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2,87,287 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ 19.08.2025 തീയതിയിലെ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 3,12,713 രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളതെന്നും ബാക്കി തുകയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് KMSCL അധികൃതരെ ബന്ധപ്പെട്ടപ്പോൾ നിലവിൽ സ്റ്റോക്ക് ഇല്ലാത്തതിനാലാണ് നൽകാത്തതെന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അയച്ച് തരുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. കൈമാറിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാകാത്തതിനാൽ ₹2,87,287 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി 2024-25 വർഷം നടപ്പിലാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പെട്ട വിവിധ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | | |
| പ്രൊജക്ട് നമ്പർ/പേര് | 29/25പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് വിഹിതം<br>1 | 11/25ലൈഫ് സമ്പൂർണ്ണ സുരക്ഷാപദ്ധതി പട്ടികജാതി<br>2 | 10/25ലൈഫ് സമ്പൂർണ്ണ സുരക്ഷാപദ്ധതി<br>3 |
| അടങ്കൽ | ₹8,36,415 (വികസന ഫണ്ട് -ജനറൽ) | ₹27,83,540(വികസന ഫണ്ട് -SCP) | ₹24,77,980 (വികസന ഫണ്ട്, ജനറൽ) |
| | ₹150000/67/25-07-24 | ₹4,97,725/16/18-06-25 | ₹3,80,000/58/22-07-24 |
| | ₹42520/121/11-09-24<br>₹101440/123/19-09-24 | ₹1,00,000/63/24-07-25 | ₹2,00,000/65/24-07-24 |
| | ₹54000/208/13-12-24 | ₹5,80,000/64/24-07-25 | ₹2,00,000/68/24-07-24 |
| | ₹43080/209/13-12-24 | ₹60,000/246/23-01-25 | ₹6,35,000/62/24-07-24 |
| | ₹42520/210/13-12-24 | ₹320000/347/21-03-25 | ₹3,75,000/72/27-07-24 |
| | ₹1200/302/07-03-25 | | ₹2,00,000/ 79/30-07-24 |
| | ₹1800/303/07-03-25 | | ₹4,20,000/101/31-08-24 |
| | ₹84900/304/07-03-25 | | ₹ 67,980/114/09-09-24 |

| | | | |
|---|---|---|---|
| | ₹5307/339/18-03-25 | | |
| | ₹44020/340/18-03-25 | | |
| | ₹14132/353/21-03-25 | | |
| ആകെ ചെലവ് | ₹5,84,919 | ₹ 15,57,725 | ₹24,77,980 |
| വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ഗ്രാമ പഞ്ചായത്തുകൾ, തുക | വളപട്ടണം-₹234447<br>അഴീക്കോട്₹249032 | അഴീക്കോട് ₹1,60,000 | അഴീക്കോട്₹12,10,000<br>വളപട്ടണം ₹2,67,980 |
| ആകെ | 4,83,479 | 1,60,000 | 14,77,980 |
| ആകെ | 21,21,459 | | |

പദ്ധതിയുടെ ഭാഗമായി തുക കൈപ്പറ്റിയ പട്ടികയിൽ കൊടുത്തിരിക്കുന്ന ഗ്രാമ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് റിപ്പോർട്ട്. വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച പ്രൊജക്ട് റിപ്പോർട്ട്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയോടൊപ്പം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം, ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള പ്രൊജക്ട് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-19 വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹2,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരമുള്ള തുക ശുചിത്വ മിഷന് കൈമാറിയിട്ടുണ്ട്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 151/25,വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹2,00,000 (വികസന ഫണ്ട്) |
| ചെലവ്/ബിൽ നമ്പർ & തീയതി | ₹2,00,000/359/21.3.25 |

തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്റെ 7-03-2025 തീയതിയിലെ സഉ (സാധാ) നം.645/2025 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് **വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്** എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹2,00,000 ശുചിത്വ മിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ15/16-08-25-ന് ആയത് ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹2,00,000 തടസ്സപ്പെടുത്തുന്നു.

## 1-20 ഹെൽത്ത് ഗ്രാന്റ് അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-23എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ

നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

ഹെൽത്ത് ഗ്രാന്റ് വരവ്

| വർഷം | തുക(₹) | പലിശ(₹) | ആകെ(₹) |
|---|---|---|---|
| 2021-22 | ഇല്ല | ഇല്ല | ഇല്ല |
| 2022-23 | 25,50,000 | 44,199 | 25,94,199 |
| 2023-24 | ഇല്ല | 42,244 | 42,244 |
| 2024-25 | 2,89,50,000 | 21,431 | 29,16,431 |
| ആകെ | 3,15,00,000 | 1,07,874 | 55,52,874 |

ഹെൽത്ത് ഗ്രാന്റ് ചെലവ്

| വർഷം | ചെലവഴിച്ച തുക(₹) |
|---|---|
| 2021-22 | ഇല്ല |
| 2022-23 | 6,98,630 |
| 2023-24 | 12,62,296 |
| 2024-25 | 5,78,665 |
| ആകെ | 25,39,591 |

നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക(₹) |
|---|---|---|
| 2022-23 | പ്രോ.നം.115/23 പാപ്പിനിശ്ശേരി സി.എച്ച്.സിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ | 79,895 |
| 2022-23 | പ്രോ.നം.114/23പാപ്പിനിശ്ശേരി സി.എച്ച്.സി ബിൽഡിംഗ് റിപ്പേർ | 6,18,735 |
| 2023-24 | പ്രോ.നം.106/24പാപ്പിനിശ്ശേരി സി.എച്ച്.സി മെയിന്റനൻസ് | 8,77,876 |
| 2023-24 | പ്രോ.നം.106/24പാപ്പിനിശ്ശേരി സി.എച്ച്.സി മെയിന്റനൻസ് | 1,43,607 |
| 2023-24 | പ്രോ.നം.138/24പാപ്പിനിശ്ശേരി സി.എച്ച്.സി ബിൽഡിംഗ് റിനവേഷൻ | 2,40,813 |
| 2024-25 | പ്രോ.നം.127/25പാപ്പിനിശ്ശേരി സി.എച്ച്.സി ബിൽഡിംഗ് റിനവേഷൻ | 5,01,211 |
| 2024-25 | പ്രോ.നം.130/25പാപ്പിനിശ്ശേരി സി.എച്ച്.സി ബിൽഡിംഗ് റിനവേഷൻ | 77,454 |

2024-25 ലെ ബാലൻസ് ഷീറ്റ് പ്രകാരം ₹30,13,939 നീക്കിയിരിപ്പുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനായി തുക ചെലവഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന

**എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(₹) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക(₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക(₹) | റിമാർക്സ് |
|---|---|---|---|---|
| 30 | 1,23,500 | 1,23,500 | ഇല്ല | ഇല്ല |

**ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

**സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

**ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച | മെഡിസെപ് പ്രീമിയം | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| | മാസം | ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
|---|---|---|---|---|---|
| ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 11.08.2025 & 12.08.2025 | കെ.എസ്.എ./കെ.എൻ.ആർ/സി.7/1411/2025 തീയതി 04.11.2025 |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പദ്ധതിയുടെ നമ്പർ<br>പേര് | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| 1 | കണ്ണൂർജില്ലാ പഞ്ചായത്ത് | 19,60,000 | 131/25<br>പി എം എ വൈ ജനറൽ | 19,60,000 | ഇല്ല |
| 2 | കണ്ണൂർജില്ലാ പഞ്ചായത്ത് | 98,000 | 132/25<br>പി എം എ വൈ പട്ടികജാതി | 98,000 | ഇല്ല |
| | ആകെ തുക | 20,58,000 | | 20,58,000 | |
| | ഗ്രാമപഞ്ചായത്ത് | 11,90,000 | 131/25<br>പി എം എ വൈ ജനറൽ | 11,90,000 | ഇല്ല |
| | ആകെ തുക | 11,90,000 | | 11,90,000 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-6 വായ്പ,വായ്പ തിരിച്ചടവ്

ഇല്ല

## 4-7 സ്ഥിരനിക്ഷേപം

ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹0 |
| തൻവർഷം നിക്ഷേപിച്ച തുക | ₹30,00,000 |
| ആകെ | ₹30,00,000 |
| പലിശ | ₹82,224 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം/ഷെയർ | ₹30,82,224 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക(₹) |
|---|---|
| കേരള ഗ്രാമീൺബാങ്ക് ബാങ്ക് (നം.40576202400338/18-11-24) പലിശ നിരക്ക്:7.4% | 30,82,224 |
| ആകെ | 30,82,224 |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4-6-2 | ഗ്രാമീണ ജനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വില്ലേജ് ഹട്ട്. ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ തമ്മിലുള്ള ഉടമസ്ഥാവകാശ തർക്കം പരിഹരിക്കാതെ നിൽക്കുന്നു. ₹43,55,472 ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നശിക്കുന്നു. | പരാമർശം നിലനിൽക്കുന്നു |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 7,73,13,971 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 7,26,32,269 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 3220318 |

**ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-13 | 500 | ശ്രീ.സുനിൽകുമാർ.എം.പി പട്ടികജാതി വികസന ഓഫീസർ |
| ആകെ | 500 | |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-9 | 5,52,600 | ഡോ.മിനി ശ്രീധരൻ,<br>മെഡിക്കൽ ഓഫീസർ CHC അഴീക്കോട് |
| 1-10 | 93,600 | ഡോ.മിനി ശ്രീധരൻ,<br>മെഡിക്കൽ ഓഫീസർ CHC അഴീക്കോട് |
| 1-12 | 15,47,000 | ശ്രീമതി. സീമ കുഞ്ചാൽ, സെക്രട്ടറി |
| 1-13 | 20,000 | ശ്രീ.സുനിൽകുമാർ.എം.പി<br>പട്ടികജാതി വികസന ഓഫീസർ |
| 1-14 | 3,30,000 | ശ്രീ.സുനിൽകുമാർ.എം.വി<br>പട്ടികജാതി വികസന ഓഫീസർ<br>ആർദ്ര വിജയകൃഷ്ണൻ |
| 1-15 | 5528 | ഡോ.മിനി ശ്രീധരൻ, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. അഴീക്കോട് |

| | | |
|---|---|---|
| 1-16 | 1,84,303 | ഡോ.മിനി ശ്രീധരൻ,<br>മെഡിക്കൽ ഓഫീസർ CHC അഴീക്കോട് |
| 1-17 | 2,87,287 | ഡോ. അനീഷ് ബാബു. ടി,<br>മെഡിക്കൽ ഓഫീസർ CHC പാപ്പിനിശ്ശേരി |
| 1-19 | 2,00,000 | ശ്രീമതി. സീമ കുഞ്ചാൽ, സെക്രട്ടറി |
| ആകെ | 3220318 | |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ക്രമ നമ്പർ | നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.സുനിൽകുമാർ.എം.പി പട്ടികജാതി വികസന ഓഫീസർ | വിരമിച്ചു | എൻ.ജി.ഒ.ക്വാർട്ടേഴ്സ്,എ7,സൗത്ത് ബസാർ,കണ്ണൂർ. |
| 2 | ശ്രീമതി. സീമ കുഞ്ചാൽ,<br>സെക്രട്ടറി | സെക്രട്ടറി,<br>കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | സരിഗമ,മരുവോട് പറമ്പിൽ, മാച്ചേരി,പി.ഒ.മൗവ്വഞ്ചേരി |
| 3 | ഡോ.മിനി ശ്രീധരൻ, മെഡിക്കൽ ഓഫീസർ CHC അഴീക്കോട് | മെഡിക്കൽ ഓഫീസർ CHC അഴീക്കോട് | സാംസ്കൃതി, TPE 197,തളാപ്പ്,കണ്ണൂർ |
| 6 | ഡോ. അനീഷ് ബാബു. ടി.,<br>മെഡിക്കൽ ഓഫീസർ CHC പാപ്പിനിശ്ശേരി | മെഡിക്കൽ ഓഫീസർ CHC പാപ്പിനിശ്ശേരി | ദേവരാഗം,<br>പി.ഒ ചൊവ്വ, കണ്ണൂർ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 1 |

| | | |
|---|---|---|
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 3 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 3 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 4 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 1 |
| 2009-10, 2010-11 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 11 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 5 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 10 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 8 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 7 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 4 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 10 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 13 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി7/693/2025 തീ. 19.6.2025 | 6 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/സി5/1100/2023 തീ. 13.9.2023 | 17 |
| 2023-24 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1653/2024 തീ. 01.02.2025 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/(1) dated 08-07-2025 and submitted on 11-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kannur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kannur Block Panchayat as on 31-03-2025

**Date: 04/11/2025**

**Senior Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kannur Block Panchayat for the Year 2024-2025 .

**1.Major Observations**

Nil

**2.Other Observations**

1. The details of liability is not correct.
2. Asset booked in wrong Account Head .
3,.Asset Register is not updated
4. The details of advance regularised is not updated

5. No supporting documents for Journal vouchers in respect of Prior period Income and Expenditure.
6. The Deposit Registers are not maintained .
7. Net increase or decrease in cashflow statement does not match with the difference between the opening and closing balance of cash equivalents in the cash flow statement
8. It has been failed to submit mandatory financial statements prescribed in Account Rules such as Ratios, Notes on account
9. The depreciation amount exceeds the value in the case of Roads and Bridges

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യ പത്രികകൾ

RECEIPT & PAYMENT STATEMENT

| Kannur Block Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2024 to 31-March-2025 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 12288803.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 79021.00 |
| 150000000 | Sale & Hire Charges | RP-5 | 409686.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48688584.00 |
| 171000000 | Interest Earned | RP-9 | 133764.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14698042.00 |
| 350000000 | Other Liabilities | RP-36 | 0.0 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 9637.00 |
| 340000000 | Deposits Received | RP-34 | 217411.00 |
| 350000000 | Other Liabilities | RP-36 | 199528.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12139401.00 |
| 460000000 | Loans, Advances and Deposits | RP-47 | 738897.00 |
| | **Grand total** | | **89602774.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3266787.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 767302.00 |
| 230000000 | Operations & Maintenance | RP-13 | 335317.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4822160.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23395330.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3288350.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 179667.00 |
| 255000000 | Maintenance Projects | RP-20 | 5401001.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 70000.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 148398.00 |
| 350000000 | Other Liabilities | RP-36 | 7064232.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-34 | 190556.00 |
| 350000000 | Other Liabilities | RP-36 | 487982.00 |
| 410000000 | Fixed Assets | RP-38 | 4661547.00 |
| 412000000 | Capital work in Progress | RP-40 | 1159988.00 |
| 420000000 | Investments | RP-41 | 3000000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13544413.00 |
| 460000000 | Loans, Advances and Deposits | RP-47 | 849239.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 16970505.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **89602774.00** |

INCOME & EXPENDITURE STATEMENT

**Kannur Block Panchayat INCOME & EXPENDITURE STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1081140.00 |
| 140000000 | Fee & User Charges | I-4(b) | 116337.00 |
| 150000000 | Sale & Hire Charges | I-5(b) | 412811.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 57891889.00 |
| 170000000 | Income from Investments | I-7 | 82244.00 |
| 171000000 | Interest Earned | I-8 | 133764.00 |
| 180000000 | Other Income | I-9 | 9637.00 |
| | **Total Income** | | **59727822.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 3266787.00 |
| 220000000 | Administrative Expenses | I-11(b) | 767302.00 |
| 230000000 | Operations & Maintenance | I-12(b) | 335317.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8109784.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25490087.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5296440.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 179667.00 |
| 255000000 | Maintenance Projects | I-14(e) | 5401001.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 70000.00 |
| 272000000 | Depreciation | I-17(a) | 7833674.00 |
| | **Total Expenditure** | | **56750059.00** |
| | **Gross Surplus / Deficit of income over Expenditure** | | **2977763.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -61625.00 |

| | | | |
|---|---|---|---|
| | **Net difference (Prior period Income - Prior period Expenditure)** | | **3039388.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

BALANCE SHEET

| **Kannur Block Panchayat BALANCE SHEET**<br>As on 31.03.2025 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 61589676.00 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 25635834.00 |
| | **Total Reserve & Surplus** | | **87225510.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14158584.00 |
| | **Total Grants, Contributions for Specific Purposes** | | **14158584.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |

| | | | |
|---|---|---|---|
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 984841.00 |
| 350000000 | Other Liabilities | B-9 | 1370200.00 |
| | **Total Current Liabilities and Provisions** | | **2355041.00** |
| | **TOTAL LIABILITIES** | | **103739135.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 102164408.00 |
| 411000000 | Accumulated Depreciation | B-11 | -36929449.00 |
| 412000000 | Capital Work in Progress | B-11(a) | 3118077.00 |
| | **Total Fixed Assets** | | **68353036.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 3082244.00 |
| | **Total Investments** | | **3082244.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 13951023.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 16970505.00 |
| 460000000 | Loans, Advances and Deposits | B-18 | 1382327.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 32303855.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 103739135.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ